# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 08 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുന്നൊരുക്കങ്ങൾ ഗവ. ചീഫ് വിപ്പും കളക്ടറും വിലയിരുത്തി

കോവിഡ് 19 സമൂഹവ്യാപനമുണ്ടാവുകയാണെങ്കിൽ രോഗികളെ ചികിത്സിക്കുന്നതിനായി തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി കോവിഡ് ആശുപത്രിയായി പ്രവർത്തിക്കണമെന്നാണ് സർക്കാരിന്റെ ധാരണ. ഇതനുസരിച്ചുള്ള മുന്നൊരുക്കങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടങ്ങി കഴിഞ്ഞു. പ്രഖ്യാപനമുണ്ടായാൽ കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ തരംതിരിച്ചാവും ആശുപത്രിയുടെ പ്രവർത്തനം. കോവിഡ് രോഗികൾക്കായി പ്രത്യേക ഒ പി, ഐ പി സംവിധാനം, ഐസിയു, വാർഡുകൾ എന്നിവ ഏർപ്പെടുത്തി. ഐസോലേഷന് വേണ്ടി ആദ്യഘട്ടത്തിൽ 458 ബെഡുകൾ, 35 താൽക്കാലിക ക്യൂബിക്കിളുകൾ എന്നിവയാണൊരുക്കിയത്. രോഗികൾക്കും, ഡോക്ടർമാർക്കും പ്രത്യേക സഞ്ചാരപഥം, ജീവനക്കാർക്ക് പ്രത്യേക മുറികൾ, ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം എന്നിങ്ങിനെ സമഗ്രമായ രീതിയിലാണ് കോവിഡ് ചികിത്സാ ക്രമീകരണം ആസൂത്രണം ചെയ്തിരിക്കുന്നത്. ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ആശുപത്രിയിലെത്തി ഒരുക്കങ്ങൾ നേരിട്ട് കണ്ട് വിലയിരുത്തി. മികച്ച രീതിയിലാണ് ആശുപത്രിയിൽ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുള്ളതെന്ന് ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ പറഞ്ഞു.

സാമൂഹിക അകലം പാലിച്ച് കൊണ്ടുള്ള ചികിത്സാരീതിയ്ക്കുതകും വിധമാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൗകര്യങ്ങളെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അഭിപ്രായപ്പെട്ടു. സമൂഹവ്യാപനത്തെ നേരിടാൻ ജില്ലാ ഭരണകൂടം എല്ലാ അർത്ഥത്തിലും സജ്ജമാണെന്നും ചാലക്കുടി ആശുപത്രിയിൽ 30 ക്യൂബിക്കിളുകൾ നൽകുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. സമൂഹവ്യാപനമുണ്ടായാൽ ആളുകളെ ഐസോലേറ്റ് ചെയ്യാൻ 4000 ത്തിലേറെ മുറികൾ ഹോട്ടലുകളിലും മറ്റുമായി കണ്ടെത്തിയിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. തൃശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം എ ആൻഡ്രൂസ്, ആശുപത്രി സൂപ്രണ്ട് ഡോ. ആർ ബിജുകൃഷ്ണൻ, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. നിഷ എം ദാസ്, ഡോ. പി വി സന്തോഷ് തുടങ്ങിയവർ സംബന്ധിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് ആശുപത്രിയായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ സജ്ജമായ കൊറോണ വാർഡ് ചിഫ് വിപ് കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവർ സന്ദർശിക്കുന്നു***

# പലവ്യഞ്ജന കിറ്റ് വിതരണം വിഷുവിന് മുൻപ് പൂർത്തീകരിക്കും: ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ

കോവിഡ് 19 ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച പലവ്യഞ്ജന കിറ്റുകളുടെ വിതരണം വിഷുവിന് മുമ്പ് പൂർത്തീകരിക്കുമെന്ന് ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ പറഞ്ഞു. തൃശൂർ താലൂക്കിൽ പലവ്യഞ്ജന കിറ്റുകൾ തയ്യാറാക്കുന്ന കുരിയച്ചിറയിലെ വെയർഹൗസ് ഗോഡൗൺ സന്ദർശിച്ചശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ഗവ. ചീഫ് വിപ്. പട്ടികവർഗ്ഗകോളനികളിലേക്കുള്ള കിറ്റ് വിതരണം ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. പരിപ്പ്, ചെറുപയർ, വെളിച്ചെണ്ണ, ആട്ട, റവ, പഞ്ചസാര, മുളക്പൊടി, മല്ലിപൊടി, മഞ്ഞൾപൊടി, കടുക്, സസ്യ എണ്ണ, സോപ്പ് തുടങ്ങി പതിനേഴിനങ്ങൾ അടങ്ങിയ കിറ്റാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. ജില്ലയിലെ എല്ലാ താലൂക്കിലും കിറ്റ് തയ്യാറാക്കൽ പ്രവർത്തനം പുരോഗമിക്കുകയാണ്. യുവജനസന്നദ്ധ പ്രവർത്തകരും കുടുംബശ്രീ അംഗങ്ങളുമാണ് കിറ്റുകൾ ഒരുക്കുന്നത്. കുരിയച്ചിറ ഗോഡൗണിൽ 130 തിലേറെ പേരാണ് കിറ്റ് തയ്യാറാകുന്നത്. താലൂക്കിലേക്കാവശ്യമായ 15000 കിറ്റുകൾ 4 ദിവസത്തിനകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തൃശൂർ താലൂക്കിലെ അന്യസംസ്ഥാന തൊഴിലാളികൾക്ക് വിതരണം ചെയ്ത 12000 ഭക്ഷ്യധാന്യ കിറ്റുകൾ രണ്ട് ദിവസം കൊണ്ടാണ് ഇവിടെ നിന്നും തയ്യാറാക്കിയത്. കോവിഡ് പ്രതിരോധിക്കാനും പൊതുജനങ്ങളുടെ പട്ടിണിയകറ്റാനും സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് സജീവ പിന്തുണയാണ് സന്നദ്ധ പ്രവർത്തകരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതെന്നും സാമൂഹ്യ അകലവും ആരോഗ്യസുരക്ഷയും പാലിച്ച് കൊണ്ട് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ മാതൃകപരമാണെന്നും ചീഫ് വിപിനോടൊപ്പുമുണ്ടായിരുന്ന ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: ചീഫ് വിപ് കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവർ സപ്ലൈകോ കിറ്റുകൾ തയ്യാറാക്കുന്ന കുരിയച്ചിറ വെയർഹൗസ് ഗോഡൗൺ സന്ദർശിക്കുന്നു***

# അഗതിമന്ദിരത്തിലും ശിശുഭവനിലും 5 കിലോ വീതം സൗജന്യ റേഷൻ

ജില്ലയിൽ ലോക്ക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിൽ നിയമപ്രകാരം പ്രവർത്തിക്കുന്ന അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, ശിശു ഭവനങ്ങൾ, ആതുര ചികിത്സാകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഏപ്രിൽ മാസത്തെ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഓരോ അംഗത്തിനും അഞ്ച് കിലോ വീതമാണ് റേഷൻ അനുവദിച്ചിരിക്കുന്നത്. ഇതിനായി പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ അപേക്ഷ താലൂക്ക് സപ്ലൈ ഓഫീസിൽ ഹാജരാക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. നിലവിൽ വെൽഫെയർ പെർമിറ്റ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ വിഹിതമായ 15 കിലോ ഭക്ഷ്യധാന്യം വില ഈടാക്കാതെ തന്നെ സൗജന്യമായി വിതരണം ചെയ്യും. ജില്ലയിൽ ബുധനാഴ്ച്ച (ഏപ്രിൽ 8) വൈകീട്ട് നാലു വരെയുള്ള കണക്കു പ്രകാരം 7,38,747 പേർ സൗജന്യറേഷൻ കൈപ്പറ്റിയിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 9 സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തി. 43 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. തലപ്പിള്ളി താലൂക്കിൽ ആണ് ഏറ്റവുമധികം ക്രമക്കേട് കണ്ടെത്തിയത്. 19 സ്ഥാപനങ്ങൾ. പലചരക്ക് വിഭാഗത്തിൽ 26 സ്ഥാപനങ്ങളിലും പച്ചക്കറി വിഭാഗത്തിൽ 17 സ്ഥാപനങ്ങളിലുമാണ് പരിശോധന നടത്തിയത്.

# ലേബർ ക്യാമ്പിൽ 1594 ഭക്ഷ്യധാന്യ കിറ്റുകൾ നൽകി

ജില്ലയിലെ 31 അതിഥി തൊഴിലാളി ക്യാമ്പുകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യം വേണ്ട നിർദേശങ്ങൾ നൽകുകയും

ചെയ്തു. തൊഴിലുടമകളോ കരാറുകാരോ ഇല്ലാത്ത ജില്ലയിലെ അതിഥി തൊഴിലാളികൾക്ക് സപ്ലൈകോ, ഹോർട്ടി കോർപ് എന്നിവരുമായി സഹകരിച്ച് 1594 ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തു. ജില്ലയിലെ എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാരും വിവിധ അതിഥി തൊഴിലാളി ക്യാമ്പുകളിൽ സന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകുകയും തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

# കോവിഡ് 19 : ജീവൻരക്ഷാ മരുന്നുകൾ എത്തിച്ച് പോലീസ്

കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ കുട്ടിയ്ക്ക് മരുന്ന് എത്തിച്ചുകൊടുത്ത് കേരളാ പോലീസ്. മുതുവറ മുണ്ടയൂർ നന്ദകുമാറിന്റെ 9 വയസ്സുള്ള നികേത് എന്ന കുട്ടി ഏതാനും ദിവസം മുമ്പാണ് കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായത്. ശസ്ത്രക്രിയ്ക്ക് ശേഷം വീട്ടിൽ കഴിഞ്ഞ് വരുന്നതിനിടെയായിരുന്നു കോവിഡ് 19 നുമായി ബന്ധപ്പെട്ട് രാജ്യമൊട്ടാകെ സമ്പൂർണ ലോക്ക് ഡൌൺ പ്രഖ്യാപിച്ചത്.

ദിവസവും കഴിക്കാനുള്ള മരുന്ന് തീർന്നതിനെ തുടർന്ന് ശസ്ത്രക്രിയ നടത്തിയ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയുമായി ബന്ധപ്പെടുകയും പണമടച്ചാൽ മരുന്ന് നൽകാമെന്നേൽക്കുകയും ചെയ്തു. ഇക്കാര്യം കുട്ടിയുടെ അച്ഛൻ നന്ദകുമാർ പേരാമംഗലം പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചറിയിച്ചു. പേരാമംഗലം പോലീസ് സ്റ്റേഷനിൽ നിന്നും കൊച്ചിയിലെ ആശുപത്രിയിലേക്ക് വിവരം കൈമാറിയ പ്രകാരം ഉടൻതന്നെ ജീവൻരക്ഷാ മരുന്നുകൾ എത്തിച്ചു കൊടുക്കുന്നതിന് ഏർപ്പാടാക്കുകയായിരുന്നു. സംസ്ഥാന സർക്കാർ ഏർപ്പടുത്തിയ സംവിധാനത്തിലൂടെ നോഡൽ പോലീസ് സ്റ്റേഷനുകൾ വഴി ഹൈവേ പോലീസാണ് മരുന്ന് പേരാമംഗലം പോലീസ് സ്റ്റേഷനിലെത്തിച്ചത്. പേരാമംഗലം പോലീസ് സ്റ്റേഷനിൽ നിന്നും എ. എസ്. ഐ ബാലസുബ്രഹ്മണ്യൻ, സിപിഒ മാരായ രജിത്, വിനീഷ് എന്നിവർ ചേർന്ന് മരുന്നുകൾ നന്ദകുമാറിന്റെ വസതിയിലെത്തിച്ചു. കൃത്യസമയത്ത് മരുന്ന് എത്തിച്ചു നൽകാൻ കേരളാ പോലീസ് ഏർപ്പെടുത്തിയ സംവിധാനത്തിന് നന്ദകുമാറും കുടുംബാംഗങ്ങളും നന്ദിയറിയിച്ചു.

# പനി കിടക്കയിൽ വേലായുധന്
# താങ്ങായി കുടുംബശ്രീ പ്രവർത്തകർ

ആരും കൂട്ടിനില്ലാതെ കഴിയുന്ന പാലത്തിങ്കൽ വേലായുധന് പനികിടക്കയിലും സഹായവുമായി എത്തുകയാണ് കുടുംബശ്രീ പ്രവർത്തകർ. അന്നമനട പഞ്ചായത്തിലെ ഏഴാം വാർഡിലാണ് സംഭവം. ലോക്ക് ഡൗണിൽ മൂന്നു നേരം ആഹാരം പോലും കഴിക്കാൻ ഇല്ലാത്ത 86 വയസുള്ള വേലായുധൻ പഞ്ചായത്ത് കുടുംബശ്രീ കമ്മ്യൂണിറ്റി കിച്ചണിൽ നിന്നാണ് ആഹാരം കഴിച്ചുകൊണ്ടിരുന്നത്. പനിയായതോടെ ചൂടു കഞ്ഞി വേണമെന്ന അദ്ദേഹത്തിന്റെ ആവശ്യം കണക്കിലെടുത്തു വീട്ടിൽ എത്തിക്കുകയായിരുന്നു. ആരോഗ്യ പ്രവർത്തകരുടെ സംഘമെത്തി വേണ്ട ചികിത്സ നൽകുകയും ചെയ്തു.

അഗതി രഹിത കേരളം ഗുണഭോക്താവായ വേലായുധന് പഞ്ചായത്തിൽ നിന്നും പോഷകാഹാര കിറ്റും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ 96പേരാണ് അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത്. തനിയെ എണീറ്റ് പോലും നടക്കാൻ കഴിയാത്ത വേലായുധന്റെ ഇപ്പോഴത്തെ അവസ്ഥ മനസിലാക്കിയാണ് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം താമസ സ്ഥലത്തേക്ക് കഞ്ഞിയും മറ്റ് സാധനങ്ങളും എത്തിച്ചു നൽകിയതെന്ന് സി ഡി എസ് ചെയർപേഴ്സൺ ഷിനി സുധാകരൻ പറഞ്ഞു. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രത്യേക കരുതൽ ആവശ്യമുള്ളവർക്ക് തങ്ങളുടെ സേവനം നൽകാൻ കുടുംബശ്രീ പ്രവർത്തകർ ഒരുക്കമാണെന്നും അവർ കൂട്ടിച്ചേർത്തു.

***ഫോട്ടോ അടിക്കുറിപ്പ്: അന്നമനട പഞ്ചായത്തിലെ ഏഴാം വാർഡിൽ താമസക്കാരനായ 86-ക്കാരൻ പാലത്തിങ്കൽ വേലായുധൻ***

## കോവിഡ് 19 : നിസ്സഹായരായ കുടുംബത്തിന് മരുന്നുകൾ വാങ്ങിനൽകി കേരളാ പോലീസ്

നിസ്സഹായരായ കുടുംബത്തിന് മരുന്നുകൾ വാങ്ങിനൽകി പൊലീസ്. തൈറോയ്ഡ് ചികിത്സയിലുള്ള കുട്ടിക്കാണ് മരുന്നുകൾ എത്തിച്ചു നൽകിയത്. എറണാകുളത്തെ സ്വകാര്യകമ്പനിയിൽ മാനേജരായി ജോലി ചെയ്യുന്ന അയ്യന്തോൾ സ്വദേശി അനിൽ തൃശൂർ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതിനെ തുടർന്നായിരുന്നു പൊലീസ് സഹായവുമായി എത്തിയത്. വെക്കേഷൻ ആയതോടെ ഭാര്യയും മക്കളും വീട്ടിലേക്ക് പോവുകയും അനിൽ ജോലി സ്ഥലത്ത് തുടരുന്നതിനിടെയുമാണ് രാജ്യമൊട്ടാകെ സമ്പൂർണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. അപ്പോൾ മൂത്ത കുട്ടിയായ അർജുൻ ദേവിന് (4) തൈറോയ്ഡ് സംബന്ധിച്ച ചികിത്സ നടന്നു വരികയായിരുന്നു. ചികിത്സയ്ക്കുള്ള മരുന്ന് കഴിഞ്ഞതോടെ വീട്ടുകാർ അനിലുമായി ഫോണിൽ ബന്ധപ്പെട്ടു. എന്നാൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ അനിലിന് വീട്ടിലേക്ക് മടങ്ങാൻ കഴിയാതെയായി. മരുന്ന് എത്തിക്കാൻ അനിൽ തൃശൂർ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുകയായിരുന്നു. തുടർന്ന് വെസ്റ്റ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സുധീറും സംഘവും ഉടൻ തന്നെ അനിലിന്റെ വീട്ടിലെത്തി മരുന്ന് കുറിപ്പുകൾ വാങ്ങി തൃശൂർ നഗരത്തിലുള്ള മെഡിക്കൽ ഷോപ്പിൽ നിന്നും മരുന്ന് ശേഖരിച്ച് വീട്ടിലെത്തിച്ചു നൽകി. ജീവൻരക്ഷാ മരുന്നുകൾ ദ്രുതഗതിയിൽ എത്തിക്കുന്നതിന് പൊലീസ് നൽകിയ സഹായത്തിന് അനിലും കുടുംബവും നന്ദിയറിയിച്ചു.

## ലോക്ക് ഡൗൺ കാലത്ത് മണ്ണിൽ പൊന്നു വിളയിക്കാൻ കുട്ടിപ്പട്ടാളം

ലോക്ക് ഡൗൺ കാലഘട്ടത്തിലും കൃഷിയിറക്കി മണ്ണിൽ പൊന്നു വിളയിക്കാൻ തയ്യാറായി കുട്ടിപ്പട്ടാളം. തൃശ്ശൂർ കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ വിവിധ സിഡിഎസുകളിലായി രൂപീകരിച്ചിട്ടുള്ള ബാലസഭകളിലെ കുട്ടികളാണ് അവരവരുടെ വീടുകളിൽ ബാല കൃഷി ചെയ്തു അവരുടെ സമയം ക്രിയാത്മകമായി ചിലവഴിക്കുന്നത്. ജില്ലയിലെ 130ഓളം വിവിധ സിഡി എസുകളിലായി ബാലകൃഷി യൂണിറ്റുകൾ ഇതിനോടകം രൂപീകരിച്ചു കഴിഞ്ഞു. പുത്തൻചിറ, കാടുകുറ്റി, മതിലകം, വലപ്പാട്, കൈപ്പമംഗലം, എടത്തിരുത്തി, കൊടുങ്ങല്ലൂർ, വെള്ളാങ്കല്ലൂർ, ചാഴൂർ, പൊയ്യ, മാള, അന്നമനട, ആളൂർ, കുഴൂർ എന്നീ സി ഡി എസുകളാണ് കൃഷി പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്നത്. ഇതിനുപുറമേ ജില്ലാ മിഷന് കീഴിലുള്ള വിവിധ ബഡ്സ്, ബി ആർ സി സ്കൂളിലെ കുട്ടികളും അവരവരുടെ വീടുകളിൽ കൃഷിചെയ്തും പരിസരം വൃത്തിയാക്കിയും മുന്നേറുന്നു. ഇവർക്ക് വേണ്ട നിർദ്ദേശങ്ങൾ വാട്സ്ആപ്പ് വഴിയും ഫോൺകോൾ വഴിയും ഉദ്യോഗസ്ഥരും, അധ്യാപകരും, കുടുംബശ്രീ പ്രവർത്തകരും നൽകിവരുന്നു.

പോങ്ങാട്ടുശ്ശേരി നാരായണമേനോൻ റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികളും വള്ളത്തോൾ നഗർ ബിആർസിയിലെ കുട്ടികളും പഴയന്നൂർ പ്രിയദർശിനി ബി ആർ സി യിലെ കുട്ടികളും ഇതിനോടകം തന്നെ ബാല കൃഷി ആരംഭിച്ചു കഴിഞ്ഞു.

## വ്യാജവാറ്റ് നിയന്ത്രണങ്ങൾ കർശനമാക്കും: അഭിനന്ദനങ്ങൾ ഏറ്റുവാങ്ങി പൊലീസ്

വ്യാജവാറ്റ് നിയന്ത്രങ്ങൾ കർശനമാക്കിയതിനെ തുടർന്ന് അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയാണ് കുന്നംകുളം പോലീസ്. സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ബാറുകളും ബീവറേജുകളും അടച്ച് പൂട്ടിയ സാഹചര്യത്തിൽ ആളൊഴിഞ്ഞ പ്രദേശത്തെ കേന്ദ്രീകരിച്ച് വൻതോതിൽ വ്യാജവാറ്റ് നടക്കാൻ സാധ്യതയുണ്ടാവുമെന്നും അത് തടയണമെന്നും ജില്ലാപോലീസ് മേധവി നിർദ്ദേശിച്ചിരുന്നു.

ഇതിനെ തുടർന്ന് കുന്നംകുളം എസ്.എച്ച്.ഒ. കെ.ജി. സുരേഷും സംഘവും തിരച്ചിൽ ഊർജ്ജിതമാക്കി. ആദ്യദിനം തന്നെ ചൊവ്വന്നൂരിലെ മീമ്പികുളത്തിന് സമീപം ആളൊഴിഞ്ഞ പറമ്പിൽ വ്യാജവാറ്റ് നടത്തിയിരുന്ന മൂന്നുപേരെയും തുടർന്നുള്ള നിരീക്ഷണത്തിൽ പുതുശ്ശേരിയിൽ നിന്നും രണ്ടുപേരെ കൂടി അറസ്റ്റ് ചെയ്തു. ലോക്ക്ഡൗൺ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനായുള്ള ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണത്തിലാണ് ഇന്നലെ

കാണിപ്പയ്യൂരിലുള്ള കരുവാൻകുണ്ട് എന്നസ്ഥലത്തെ വീട്ടിൽ നിന്നും വീണ്ടും രണ്ടുപേരെ കൂടി അറസ്റ്റുചെയ്തത്.

സംശയാസ്പദമായ വീടുകളിലും സ്ഥലങ്ങളിലും വരും ദിനങ്ങളിലും വ്യാപകമായി റെയ്ഡുനടത്തുമെന്നും കൂടാതെ വീട്ടമ്മമാർക്കും മറ്റുള്ളവർക്കും സധൈര്യം പൊലീസിനെ അറിയിക്കാമെന്നും അതിലൂടെ നിരീക്ഷണം ശക്തമാക്കാമെന്നും എസ്.എച്ച്.ഒ. അറിയിച്ചു.

എസ്.ഐ. ബാബു, എ.എസ്.ഐ ഗോകുലൻ, സിവിൽ പോലീസ് ഓഫീസർമാരായ മെൽവിൻ, വൈശാഖ്, സജയ്, അനൂപ്, ഹംദ്, ഷജീർ, ഷിബിൻ, ഹരികൃഷ്ണൻ എന്നിവരാണ് സംഘത്തിലുള്ളത്. വിവരങ്ങൾ അറിയിക്കാൻ കണ്ട്രോൾ റൂം നമ്പർ 0487 2424193.

## പോലീസുദ്യോഗസ്ഥർക്ക് ക്ഷീണമകറ്റാൻ ഒ ആർ എസ് പാനീയം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊരിവെയിലത്ത് വാഹനപരിശോധനാ ഡ്യൂട്ടികളും പട്രോളിങ്ങ് ഡ്യൂട്ടികളും നിർവ്വഹിക്കുന്ന പോലീസുദ്യോഗസ്ഥർക്ക് ക്ഷീണമകറ്റാൻ ഡ്യൂട്ടി സ്ഥലങ്ങളിൽ ഒ ആർ എസ് പാനീയം എത്തിച്ചു നൽകും. മരുന്ന് ഉത്പാദകരായ സിപ്ല ഹെൽത്ത് കെയർ കമ്പനിയാണ് സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയിൽ ഉൾപെടുത്തി ഒ ആർ എസ് പാനീയം ലഭ്യമാക്കിയത്. തൃശൂർ സിറ്റി പോലീസ് ഓഫീസിൽ നടന്ന ചടങ്ങിൽ സിപ്ല കമ്പനി പ്രതിനിധി വിനോദ് ചന്ദ്രനിൽ നിന്നും സിറ്റി പോലീസ് കമ്മീഷ്ണർ ആദിത്യ ആർ ഉൽപന്നം ഏറ്റുവാങ്ങി. തുടർന്ന് തൃശൂർ നഗരത്തിൽ വിവിധ ഇടങ്ങളിലും വാണിയമ്പാറ ജില്ലാ അതിർത്തിയിലും ഡ്യൂട്ടി നിർവ്വഹിക്കുന്ന പോലീസുദ്യോഗസ്ഥർക്ക് കമ്മീഷണർ നേരിട്ട് ഒ ആർ എസ് പാനീയം വിതരണം ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊരിവെയിലത്ത് വാഹനപരിശോധനാ ഡ്യൂട്ടികളും പട്രോളിങ്ങ് ഡ്യൂട്ടികളും നിർവ്വഹിക്കുന്ന പോലീസുദ്യോഗസ്ഥർക്ക് ക്ഷീണമകറ്റാൻ ഒആർഎസ് പാനീയം നൽകുന്നു***

## പലവ്യഞ്ജനങ്ങളും പച്ചക്കറിയും നൽകി

നിസ ചാരിറ്റബിൾ ട്രസ്റ്റ് വലപ്പാട് കമ്മ്യൂണിറ്റി കിച്ചനിലേക്ക് പലവ്യഞ്ജനങ്ങളും പച്ചക്കറികളും നൽകി. നിസ ചാരിറ്റബിൾ ട്രസ്റ്റ് വൈ.ചെയർമാൻ ആന്റോ തൊറയൻ വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. തോമസിന് പല വ്യഞ്ജനങ്ങളും പച്ചക്കറികളും കൈമാറി. ട്രസ്റ്റ് ഭാരവാഹികളായ ജെൻസൻ വലപ്പാട്, അഷ്റഫ് അമ്പയിൽ, റാനിഷ് നാട്ടിക, തളിക്കുളം ബ്ലോക്ക് പഞ്ചായത്തംഗം ഷൈൻ നാട്ടിക, വലപ്പാട് പഞ്ചായത്ത് സി. ഡി .എസ് ചെയർപേഴ്സൻ മല്ലിക ദേവൻ പഞ്ചായത്തംഗങ്ങളായ കൃഷ്ണവേണി, ഷൈൻ എന്നിവർ പങ്കെടുത്തു.

തുടരും